പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 904 08-01-2014-ൽ മറുപടിക്ക്

കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ. | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കിളിമാനൂർ, പഴയകുന്നുമ്മൽ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) കിളിമാനൂർ, പഴയകുന്നുമ്മൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളെ ഏഴ് പാക്കേജുകളായി തരം തിരിച്ചിരിക്കുന്നു.<br>ഒന്നാമത്തെ പാക്കേജിൽ റോ വാട്ടർ ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകളുടെ പണിയും, കൈലാസം കുന്ന് GLSR പണി 80% വും പൂർത്തിയായി. പൈപ്പ സപ്ലൈ പുരോഗമിക്കുന്നു. പൈപ്പ ഇടുന്നതിനായി കെ.എസ്.ടി പി. യുടെ റോഡ് കട്ടിംഗ് അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്.<br>രണ്ടാമത്തെ പാക്കേജിൽ വരുന്ന ഇരട്ടച്ചിറ ജലശുദ്ധീകരണശാലയുടെ പണികൾ 85% പൂർത്തിയായി.<br>മൂന്നാമത്തെ പാക്കേജിൽ സോൺ III -ലേക്കുള്ള ജലവിതരണശൃംഖലയുടെ പണികൾ പുരോഗമിക്കുന്നു. 90% പൂർത്തിയായി.<br>നാലാമത്തെ പാക്കേജിൽ സോൺ -I -ലേക്കുള്ള ജലവിതരണശൃംഖലയുടെ പണിയും കടൽകാണിക്കുന്ന് GLSR -ന്റെ പണിയും ഉൾപ്പെടുന്നു. ഈ പണികളുടെ 20% പൂർത്തിയായി. പൈപ്പ് ലൈൻ പണികൾ പൂർത്തിയാക്കാൻ |

കെ.എസ്.ടി.പി. റോഡ് കട്ടിംഗ് അനുമതി ലഭിക്കേണ്ടതുണ്ട്.

പാക്കേജ് IV(a) യിൽ വരുന്ന സോൺ I - ന്റെ ജലവിതരണശൃംഖല ഡീവിയേഷൻ പ്രപ്പോസലിനുവേണ്ടി പൈപ്പ് സപ്ലൈ ചെയ്തു. പൈപ്പ് ഇടുന്നതിന് കെ.എസ്.ടി.പി. റോഡ് കട്ടിംഗ് അനുമതി ലഭിക്കേണ്ടതുണ്ട്.

അഞ്ചാമത്തെ പാക്കേജിൽ വാമനപുരം നദിയിൽ കാരേറ്റ് ബ്രിഡ്ജിനടുത്തായി സ്ഥാപിക്കുന്ന വെൽ കം പമ്പ് ഹൗസിന്റെ പണിയും, തട്ടത്തുമലയിലെ സമ്പ് കം പമ്പ് ഹൗസിന്റെ പണിയും, പഴയകുന്നുമ്മേൽ വില്ലേജുകളിലേക്കുള്ള ജലവിതരണശൃംഖലയുടെ പണിയും ഉൾപ്പെടുന്നു. ഇതിൽ വെൽ കം പമ്പ് ഹൗസിന്റെ പണി 25% വും തട്ടത്തുമല സമ്പ് കം പമ്പ് ഹൗസിന്റെ പണി 95% വും, ജലവിതരണശൃംഖലയുടെ പണി 50% വും പൂർത്തിയായി. പണികൾ പുരോഗമിക്കുന്നു.

ആറാമത്തെ പാക്കേജിൽ കാരേറ്റ് ബ്രിഡ്ജിനടുത്തായി സ്ഥാപിക്കുന്ന തടയണയുടെ പണിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പണിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധന നടത്തിക്കൊണ്ടിരിക്കുന്നു.

ഏഴാമത്തെ പാക്കേജിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകളും, പമ്പ്-സെറ്റ് ട്രാൻസ് ഫോർമർ എന്നിവ സ്ഥാപിക്കുന്ന പണികളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പണികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുന്നു.

| | |
|---|---|
| (ബി) കെ.എസ്.ടി.പി. (എം.സി.) റോഡിൽ പൈപ്പിടലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് | (ബി) ഉണ്ട്; മേൽപ്പറഞ്ഞ പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രധാന പമ്പിംഗ് മെയിനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും |

| | | | |
|---|---|---|---|
| | കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | | പ്രധാന ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും കെ.എസ്.ടി.പി. (എം.സി.) റോഡിൽ പൈപ്പ് ഇടുന്നതിനായി അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ മുടങ്ങിക്കിടക്കുകയാണ്. കാലതാമസം ഒഴിവാക്കി പ്രവൃത്തി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഒറ്റൂർ, മണമ്പൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) | ഒറ്റൂർ, മണമ്പൂർ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ട കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളിൽ ഒറ്റൂർ പഞ്ചായത്തിലെ പ്രധാന ജലവിതരണ ശൃംഖല ലൈനുകളുടെ പണി പൂർത്തിയാക്കി ശുദ്ധജലം നൽകി വരുന്നു. മണമ്പൂർ പഞ്ചായത്തിലേക്കുള്ള പ്രധാന ജലവിതരണ ശൃംഖലയായ പൈപ്പ്ലൈനുകളുടെ പണി പുരോഗമിക്കുന്നു. 85% പണി പൂർത്തിയായി. |
| (ഡി) | ഈ പദ്ധതിയുടെ ഭാഗമായി അധികമായി അനുവദിച്ച പ്രവർത്തികളുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകളിലെ ബാക്കിയുള്ള ജലവിതരണശൃംഖലാ ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളിൽ ഒറ്റൂർ പഞ്ചായത്തിലെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വച്ചു. മണമ്പൂർ പഞ്ചായത്തിലെ പ്രവൃത്തികളുടെ ടെണ്ടർ വിളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ